ഹദീസ്


അബ്ദുർറഹ്മാൻ ചെറുവാടി
archeruvadi11@yahoo.com


# നീതികെട്ട സമൂഹം വരണ്ട പുഴയാണ്

عن عبد الله بن عمرو بن العاص -رضي الله عنها- قال: قَالَ رَسُولُ اللَّهِ صَلَّى للَّهُ عَلَيْهِ وَسَلَّمَ : إِنَّ الْمُقْسِطِينَ عِنْدَ اللَّهِ عَلَى مَنَابِرَ مِنْ نُورٍ ، عَنْ يَمِينِ الرَّحْمَنِ عَزَّ وَجَلَّ ، وَكِلْتَا يَدَيْهِ يَمِينٌ ، الَّذِينَ يَعْدِلُونَ فِي حُكْمِهِمْ وَأَهْلِيهِمْ وَمَا وَلُوا (رواه مسلم)

**അബ്ദുല്ലാഹിബ്നു അംറിബ്നിൽ ആസ്വിൽ (റ) നിന്ന്. നബി (സ) പറഞ്ഞു: 'മഹോന്നതനായ കരുണാവാരിധിയുടെ വലതുവശം ചേർന്ന് പ്രകാശപീഠങ്ങളിലായിരിക്കും നീതിമാന്മാരുണ്ടാവുക. അവന്റെ ഇരുകരങ്ങളും അതിശക്തങ്ങളാകുന്നു. തങ്ങളുടെ ഭരണത്തിലും കുടുംബത്തിലും ഏറ്റെടുത്ത ഉത്തരവാദിത്തങ്ങളിലും നീതി പുലർത്തുന്നവരാണവർ' (മുസ്‌ലിം).**

ഭൂമിയിൽ സ്ഥാപിതമായ ദൈവത്തിന്റെ തുലാസാണ് നീതി. വ്യവസ്ഥാപിത സാമൂഹിക നിയമങ്ങളിലെ പ്രഥമ നന്മയും അതു തന്നെ. നീതിയില്ലെങ്കിൽ സമാധാന ജീവിതമോ നിയമങ്ങൾക്ക് നിലനിൽപ്പോ ഇല്ല. അവകാശങ്ങൾ അനായാസം ലഭ്യമാവുകയും ബാധ്യതകൾ മനസ്സറിഞ്ഞ് പൂർത്തീകരിക്കുകയും ചെയ്യുന്നിടത്താണ് നീതിയുണ്ടാവുക. അടിസ്ഥാനാവശ്യങ്ങൾ മല്ലില്ലാതെ ലഭിക്കുന്ന, ജനങ്ങൾ തുല്യരായി ഗണിക്കപ്പെടുന്ന, ചിന്തയിലും കർമത്തിലും സത്യത്തിന് സ്വാധീനമുള്ള, നിഷ്പക്ഷത ഒരു മുറയായി പുലരുന്ന സമൂഹത്തിൽ മാത്രമേ നീതിക്ക് നിലനിൽപുള്ളൂ. മർദിതന്റെ അവകാശങ്ങൾക്ക് പരിരക്ഷ കിട്ടുന്ന, മർദകന്റെ കൈകളിൽ വിലങ്ങു വീഴുന്ന, ശക്തനെ ഭയക്കാതെ ദുർബലന് ജീവിക്കാനാവുന്ന, നേർബുദ്ധിയും സൃഗാലതന്ത്രവും തിരിച്ചറിയപ്പെടുന്ന നീതി വ്യവസ്ഥ സ്വപ്നം കാണാത്തവരായി ആരുമുണ്ടാവില്ല. നീതി അധികാരം വാഴുമ്പോൾ മാത്രമേ നന്മയുള്ള രാഷ്ട്രവും രാഷ്ട്രീയവുമുണ്ടാവുകയുള്ളൂ. ബഹുകക്ഷി രാഷ്ട്രീയ സംവിധാനം പല നന്മകളുമുള്ളതാണെങ്കിലും, അണികളെയും ഭരണ സംവിധാനങ്ങളെയും അനുനയിപ്പിച്ച് സ്വാധീനമുറപ്പിക്കേണ്ടിവരുന്നതിനാൽ നീതിയുടെ കശാപ്പുശാലയായി അത് അതിവേഗം മാറിവരുന്നതാണ് സമീപകാല ചരിത്രം.

ഭരണം, കുടുംബം, വ്യക്തി തുടങ്ങി എല്ലാ തലങ്ങളും കണിശമായ നീതിനിഷ്ഠം പുലർത്തണമെന്നും അത്തരം ആളുകൾക്കു മാത്രമേ ദൈവസന്നിധിയിൽ സ്ഥാനമുള്ളൂവെന്നുമാണ് ഈ ഹദീസ് വിളംബരം ചെയ്യുന്നത്. അധികാരികളും നിയമപാലകരും നീതിന്യായ സംവിധാനങ്ങളും പരസ്പരം പുറം ചൊറിയുന്ന ദയനീയ കാഴ്ചയാണ് ഇന്ന് ലോകത്തെവിടെയും. നിരപരാധികളാണ് അതിന്റെ ദുരന്തഫലമനുഭവിക്കുന്നത്. ലോകമാകമാനം അവകാശങ്ങൾ കവരപ്പെട്ടവരായി കൽത്തുറുങ്കുകളിലടക്കപ്പെട്ട പതിനായിരങ്ങൾ അത്തരക്കാരാണ്. ന്യായമായ അവകാശങ്ങൾക്കു വേണ്ടി തെരുവിലിറങ്ങിയവരും ജന്മനാട്ടിൽനിന്ന് വേരോടെ പിഴുതെറിയപ്പെട്ടവരും അശരണരായ സ്ത്രീകളും കുട്ടികളും പടുവൃദ്ധന്മാരും പിച്ചിച്ചീന്തപ്പെട്ട ബാല്യങ്ങളും നിഷ്ഠുരം ചിത്രവധം ചെയ്യപ്പെട്ട ആലംബഹീനരുമെല്ലാം അക്കൂട്ടത്തിലുണ്ട്. എന്തുകൊണ്ടിങ്ങനെ സംഭവിക്കുന്നു എന്നതിലേക്കും ഹദീസിൽ സൂചനയുണ്ട്. മരണാനന്തര വിചാരണയെ അവർ ഭയക്കുന്നില്ലെന്നുള്ളതാണത്.

ഇസ്‌ലാമിക നീതിചിന്ത വ്യതിരിക്തമാവുന്നത് ഇവിടെയാണ്. ജുഡീഷ്യറി എക്സിക്യൂട്ടീവിൽനിന്ന് തീർത്തും സ്വതന്ത്രമായിരിക്കണമെന്നതിൽ അതിന് ശാഠ്യമുണ്ട്. ഉമറിന്റെ കാലത്ത് ന്യായാധിപസ്ഥാനം ഏറ്റെടുത്ത അബൂമൂസക്ക് അദ്ദേഹമെഴുതി: 'ജനങ്ങളോട് മുഖഭാവം, സദസ്സ്, നിയമവിധി എന്നിവയിലൊക്കെ ഒരേ പോലെ പെരുമാറുക. താങ്കളുടെ അനീതി മുതലാക്കാൻ ഒരു മാന്യനും കൊതി തോന്നാത്ത വിധം, ഒരു ദുർബലന്നും താങ്കളുടെ നീതിയെപ്പറ്റി നിരാശ വരാനിടയില്ലാത്ത വിധം. സമൂഹത്തിലെ ഏറ്റവും വിശ്വസ്തവും ശക്തവുമായ അധികാര കേന്ദ്രം നീതിയാവണം. അതിനുമുമ്പിൽ അധികാരിയും അനുയായിയും തുല്യരാവണം.' ഇമാം ഇബ്നുൽ ഖയ്യിം എഴുതുന്നു: 'രണ്ടു കക്ഷികളിൽ ഒരാൾക്ക് സ്വീകരണത്തിലോ സദസ്സിലോ ആദരവിലോ പരിഗണന നൽകുന്നത് രണ്ട് വിധത്തിൽ വിനാശകരമത്രെ; ഒന്ന്, വിധി തനിക്കനുകൂലമായിരിക്കുമെന്ന പ്രലോഭനം അതവനിലുണ്ടാക്കുന്നു. അതിലൂടെ ആന്തരികവും മാനസികവുമായ ശക്തി അവന് കൈവരുന്നു. രണ്ട്, തനിക്ക് കിട്ടേണ്ട നീതിയെപ്പറ്റി അപരനിൽ അത് നിരാശ ഉളവാക്കുന്നു. അവന്റെ മനസ്സ് ദുർബലമാവുകയും തെളിവുകളെക്കുറിച്ച ആത്മവിശ്വാസം തകരുകയും ചെയ്യുന്നു' (*ഇഅ്ലാമുൽ മുവഖ്ഖിഈൻ*). പ്രസിദ്ധ സ്വഹാബി ഇബ്നു മസ്ഊദ് പറഞ്ഞ പോലെ 'കടുത്ത ശത്രുവാണ് സത്യം പറഞ്ഞതെങ്കിലും അംഗീകരിക്കുക. കളവ് അടുത്ത മിത്രം പറഞ്ഞതാണെങ്കിലും നിരാകരിക്കുക' എന്നതാണ് നീതിയുടെ മാനദണ്ഡം; പരലോക മോക്ഷത്തിന്റെയും. അപ്പോഴാണ് മണ്ണു പോലെ വിണ്ണും അവന്റേതാകുന്നത്. ''നിശ്ചയമായും നാം നമ്മുടെ ദൂതന്മാരെ വ്യക്തമായ തെളിവുകളുമായി നിയോഗിച്ചിരിക്കുന്നു. അവരോടൊപ്പം വേദവും തുലാസ്സും അവതരിപ്പിച്ചിരിക്കുന്നു. മനുഷ്യർ നീതി നിലനിർത്താൻ'' (*അൽ ഹദീദ്*: 25).

ഇമാം അലിയുടെ ഭരണ കാലം. ഒരു ക്രിസ്ത്യാനിക്കെതിരെ പടയങ്കി മോഷ്ടിച്ചതായി ശുറൈഹിന്റെ കോടതിയിൽ അദ്ദേഹം പരാതിപ്പെട്ടു. കോടതിയിൽ ഖലീഫക്കും ക്രിസ്ത്യാനിക്കും അടുത്തടുത്തായി ഒരേ പോലെയുള്ള ഇരിപ്പിടങ്ങൾ. അമ്പരക്കാൻ ക്രിസ്ത്യാനിക്ക് വേറെ കാരണങ്ങൾ വേണ്ടിയി

രുന്നില്ല. ശുറൈഹ് അലിയോട്: 'വാദത്തിന് തെളിവുണ്ടോ?' 'കണ്ടാലറിയാം അതെന്റേതാണെന്ന്' - അലി. ശുറൈഹ്: 'അതിന് സാക്ഷികളുണ്ടോ?' അലി നിസ്സഹായത വെളിവാക്കി. പടയങ്കി മോഷ്ടിച്ചതല്ലെന്ന് ക്രിസ്ത്യാനി ശുറൈഹിന്റെ മുമ്പിൽ വ്യക്തമാക്കിയതോടെ, ഖലീഫയായിട്ടും അലിയുടെ പരാതി കോടതി തള്ളിക്കളഞ്ഞു. കളഞ്ഞുകിട്ടിയ ആ പടയങ്കി പിന്നീട് അലിക്ക് തന്നെ ക്രിസ്ത്യാനി തിരിച്ചുകൊടുത്തെങ്കിലും അദ്ദേഹം സ്വീകരിക്കുകയുണ്ടായില്ല. അതായിരുന്നു ഇസ്‌ലാമിലെ കോടതിമുറകൾ.

ഇസ്‌ലാം മുന്നോട്ടു വെക്കുന്ന നീതിയെക്കുറിച്ച വിഭാവനം കാലത്തിന്റെ പുറംതിരിയലുകളൊന്നും നോക്കാതെ ശിരസ്സാ വഹിക്കാൻ വിശ്വാസിക്കു ബാധ്യതയുണ്ട്: ''വിശ്വസിച്ചവരേ, നിങ്ങൾ നീതി നടത്തി അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരാവുക. അത് നിങ്ങൾക്കോ നിങ്ങളുടെ മാതാപിതാക്കൾക്കോ അടുത്ത ബന്ധുക്കൾക്കോ എതിരായിരുന്നാലും. കക്ഷി ധനികനോ ദരിദ്രനോ ആവട്ടെ, ഇരുകൂട്ടരോടും കൂടുതൽ അടുപ്പമുള്ളവൻ അല്ലാഹുവാണ്. അതിനാൽ നിങ്ങൾ സ്വന്തം ഇഷ്ടാനിഷ്ടങ്ങളുടെ പേരിൽ നീതി നടത്താതിരിക്കരുത്. വസ്തുതകൾ വളച്ചൊടിക്കുകയോ സത്യത്തിൽനിന്ന് തെന്നിമാറുകയോ ചെയ്യുകയാണെങ്കിൽ അറിയുക; തീർച്ചയായും നിങ്ങൾ ചെയ്യുന്നതൊക്കെയും അല്ലാഹു സൂക്ഷ്മമായി അറിയുന്നുണ്ട്'' (*അന്നിസാഅ്:* 135).

കുടുംബത്തോട് നീതി പുലർത്തേണ്ടത് വിവാഹ ഉടമ്പടിയുടെ തന്നെ താൽപര്യമാണ്. നല്ല പെരുമാറ്റം, ജീവിത വിഭവം, അവകാശപൂരണം, സഹവാസ നീതി തുടങ്ങിയവയൊക്കെ പങ്കാളിക്കും കിട്ടണം. സന്താനങ്ങൾ സ്നേഹപരിലാളനകളേറ്റു വളരാൻ സൗകര്യമുണ്ടാവണം. ഭൗതിക സാഹചര്യങ്ങൾ, സമ്മാനങ്ങൾ, പാരിതോഷികങ്ങൾ തുടങ്ങിയവയിൽ മക്കളിൽ ആരോടും വിവേചനം പാടില്ല. ഇത്തരം കാര്യങ്ങൾ ഉണർത്തുന്ന പ്രവാചകാധ്യാപനങ്ങൾ നിരവധിയാണ്.

നീതി സമൂഹത്തോടും കുടുംബത്തോടും ഏറ്റെടുത്ത ഉത്തരവാദിത്തങ്ങളോടും ഉണ്ടായാലും പോരാ, അത് സ്വദേഹത്തോടും വേണം. ഇബാദത്ത്, അധ്വാനം, ഉറക്കം, വിശ്രമം തുടങ്ങിയവയിലൊക്കെ സ്വന്തത്തോട് നീതി പാലിക്കാൻ ഓരോരുത്തർക്കും കടമയുണ്ട്. എത്രത്തോളമെന്നാൽ ഒറ്റക്കാലിൽ ചെരിപ്പിട്ട് നടക്കുന്നത് പൈശാചികമാണ്, കാരണം അത് മറ്റേ കാലിനോട് കാണിക്കുന്ന അനീതിയാണ് എന്നു വരെ പറയപ്പെട്ടിരിക്കുന്നു. അതിനാൽ നീതിക്കൊപ്പം നിൽക്കാൻ, സമൂഹത്തിന്റെ തകർച്ചക്ക് ആക്കം കൂട്ടുന്ന നീതിനിഷേധങ്ങൾക്കെതിരെ പൊരുതി നിൽക്കാൻ ഒരോ മുസ്‌ലിമും കടപ്പെട്ടിരിക്കുന്നു. ●

+91 97474 56118